വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(അവതരണം : റെജീന പി എം)

നം.DIC/12274/2018-EB1 തീയതി : 26.11.2018

വിഷയം:- വ്യവസായവകുപ്പ് -ജീവനക്കാര്യം -ഫെയർ കോപ്പി സൂപ്രണ്ട് - സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1. ഈ ഓഫിസിലെ 09.10.2018 തീയതിയിലെ DIC/12274/2018-EB1 നമ്പർ നടപടിക്രമം.
2. ഈ ഓഫിസിലെ 05.11.2018 തീയതിയിലെ DIC/12274/2018-EB1 നമ്പർ നടപടിക്രമം.
3. 13.11.2018 തീയതിയിലെ വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ എ/2963/2018 നമ്പർ കത്ത്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേക്ക് പരാമർശം (1) പ്രകാരം ശ്രീ.ഷാജു വി കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിനു സ്ഥാനക്കയറ്റം നൽകുകയും, പരാമർശം (2) പ്രകാരം ടി സ്ഥാനക്കയറ്റം ഒരു വർഷത്തേക്ക് ത്യജിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ശ്രീ.ഷാജു വി കെ യ്ക്ക് ശേഷം സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ശ്രീമതി. നന്ദിനി വി സി, (സീനിയോറിറ്റി നമ്പർ 12/03) ശ്രീമതി.പത്മിനി എം, (സീനിയോറിറ്റി നമ്പർ 13/03), എന്നിവരാണ് . എന്നാൽ വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഫെയർ കോപ്പി സുപ്രണ്ടിന്റെ തസ്തിക ഇല്ലാത്തതിനാലും, വ്യക്തിപരമായ കാരണങ്ങളാൽ വയനാട് ജില്ലാ വിട്ട് നിക്കാൻ കഴിയാത്തതിനാലും ഫെയർ കോപ്പി സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് തങ്ങളെ പരിഗണിക്കേണ്ടതില്ല എന്ന് വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മുഖാന്തരം പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

21.05.2018 തീയതിയിലെ EE3/5239/2018 നമ്പർ ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സീനിയോറിറ്റി നമ്പർ 10/03 ആയിട്ടുള്ള ശ്രീ.ആൽബർട്ട് വില്ലിങ്ടൺ വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. തൊട്ടടുത്ത ജീവനക്കാരായ ശ്രീ.ഷാജു വി കെ (സീനിയോറിറ്റി നമ്പർ 11/03) സ്ഥാനക്കയറ്റം ത്യജിക്കുകയും ശ്രീമതി.നന്ദിനി വി സി (സീനിയോറിറ്റി നമ്പർ 12/03), ശ്രീമതി.പത്മിനി എം (സീനിയോറിറ്റി നമ്പർ 13/03) എന്നിവരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടാത്തതിനാലും ശ്രീമതി. ജലജാമണി ടി (സീനിയോറിറ്റി നമ്പർ 14/03) യ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. അതിനാൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീമതി. ജലജാമണി ടി-യെ 30700-65400 ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ത്യജിക്കുകയാണെങ്കിൽ ടി വിവരം സ്റ്റേറ്റ്മെന്റ് സഹിതം ഉത്തരവ് കൈപ്പറ്റി ഏഴ് ദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. സ്ഥാനക്കയറ്റം സ്വീകരിക്കുന്ന പക്ഷം G.O (P) No. 07/2016/fin തീയതി 20.01.2016 പ്രകാരമുള്ള ശമ്പള നിർണയം നിയന്ത്രണാധികാരി നിർണയിച്ചു നൽകേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് :- ശ്രീമതി. ജലജാമണി ടി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്.

പകർപ്പ് :- 1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം.
2. CA to DI&C/SAO/ADI&C(T)/ADI&C(G).
3. EC വിഭാഗം/IT വിഭാഗം.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്